Draft #2 of File 93874/AC A1-2/2021/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 13-Jul-2021 02:23 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**സംഗ്രഹം**

സർവ്വകലാശാലയിൽ നിന്നും നൽകുന്ന ഒഫീഷ്യൽ ട്രാൻസ്ക്രിപ്റ്റ്, ജെനുവിൻനെസ്സ് വേരിഫിക്കേഷൻ എന്നിവ ഇ മെയിൽ ആയി ബന്ധപ്പെട്ട ഏജൻസികൾക്ക് അയച്ചുകൊടുക്കുന്നത്, റീ വേരിഫിക്കേഷനുള്ള ഫീസ് ഈടാക്കുന്നത് എന്നിവ സംബന്ധിച്ച് അധിക നിർദേശങ്ങൾ- അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 3252/AC A 1/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 13.07.2021

---

*പരാമർശം:*-1. സർവ്വകലാശാല ഉത്തരവ് നമ്പർ. 2685/AC A1/2021/എം.ജി.യു തീയതി: 15.06.2021

2. 05.07.2021-ൽ വൈസ് ചാൻസലറുടെ ചേംബറിൽ കൂടിയ യോഗത്തിൻറെ നടപടിക്കുറിപ്പ്

**ഉത്തരവ്**

സർവ്വകലാശാലയിൽ നിന്നും നൽകുന്ന ഒഫീഷ്യൽ ട്രാൻസ്ക്രിപ്റ്റ്, ജെനുവിൻനെസ് വേരിഫിക്കേഷൻ എന്നിവ ഇ മെയിൽ ആയി ബന്ധപ്പെട്ട ഏജൻസികൾക്ക് അയച്ചു കൊടുക്കുന്നത്, റീ വേരിഫിക്കേഷനുള്ള ഫീസ് ഈടാക്കുന്നത് എന്നിവ സംബന്ധിച്ച നിർദേശങ്ങൾ നൽകിക്കൊണ്ട് പരാമർശം (1) സർവ്വകലാശാലാ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് 05.07.2021-ൽ വൈസ് ചാൻസലറുടെ ചേംബറിൽ കൂടിയ യോഗം ഇത് സംബന്ധിച്ച്, പരാമർശം (2) പ്രകാരം താഴെപറയുന്ന അധിക നിർദേശങ്ങൾ ശുപാർശ ചെയ്യുകയും , വൈസ് ചാൻസലർ ആയത് അംഗീകരിക്കുകയും ചെയ്തിരിക്കുന്നു.

"1. പരീക്ഷാ വിഭാഗത്തിന്റെ ആവശ്യം പരിഗണിച്ച് സർവ്വകലാശാല ഉത്തരവ് 2685/എസി എ 1/2021 തീയതി 15.06.2021 യിൽ പരാമർശിക്കും പ്രകാരമുള്ള റീ വേരിഫിക്കേഷൻ ആവശ്യമുള്ള ഒഫീഷ്യൽ ട്രാൻസ്ക്രിപ്റ്റുകൾക്ക് ഒരുമിച്ച് ഫീസ് ഈടാക്കുന്നതിനുള്ള നിർദേശത്തിനു 01/08/2021 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

2.'വെസ്' പോലെയുള്ള ഏജൻസികൾക്ക് ഒഫീഷ്യൽ ട്രാൻസ്ക്രിപ്റ്റ്, അറ്റസ്റ്റഡ് ഡോക്യുമെൻറ്സ് എന്നിവയുടെ റീ വേരിഫിക്കേഷൻ ആവശ്യമായി വരുന്ന സാഹചര്യത്തിലും ഇത്തരം ഏജൻസികൾ ഇ മെയിൽ മാർഗ്ഗേണ റീവേരിഫിക്കേഷൻ സ്വീകരിക്കാത്ത സാഹചര്യത്തിലും വെസ് മുൻപോട്ട് വച്ച എസ്.എഫ്.ടി.പി. മാർഗ്ഗത്തിലൂടെ വേരിഫിക്കേഷൻ/റീ വേരിഫിക്കേഷനുള്ള സാക്ഷ്യപ്പെടുത്തിയ ഡോക്യുമെൻറുകൾ നൽകാവുന്നതാണ്.

3.ഇത്തരത്തിൽ റീ വേരിഫിക്കേഷൻ ആവശ്യമായി വരുന്ന ഏജൻസികളിലേക്ക് ഒഫീഷ്യൽ ട്രാൻസ്ക്രിപ്റ്റ്/അറ്റസ്റ്റഡ് ഡോക്യുമെൻറ് നൽകുന്നതിനായി അപേക്ഷകരിൽ നിന്നും അപേക്ഷാ സമയത്ത് തന്നെ റീ വേരിഫിക്കേഷനുള്ള ഫീസ് ഈടാക്കേണ്ടതാണ്.വെസിലേക്ക്

എസ്.എഫ്.ടി.പി മാർഗ്ഗേണ ഒഫീഷ്യൽ ട്രാൻസ്ക്രിപ്റ്റ് / അറ്റസ്റ്റഡ് ഡോക്യുമെൻറ് നൽകുമ്പോൾ ട്രാൻസ്മിഷൻ ചാർജ് ഈടാക്കേണ്ടതില്ല.

4. നിലവിൽ ലഭിച്ചിരിക്കുന്ന അപേക്ഷകളിൽ എസ്.എഫ്.ടി.പി. മാർഗ്ഗേണ വെസിലേക്ക് നേരിട്ട് ഒഫീഷ്യൽ ട്രാൻസ്ക്രിപ്റ്റ്/ അറ്റസ്റ്റഡ് ഡോക്യുമെൻറ് നൽകുന്നതിനായി സന്നദ്ധത അറിയിക്കുന്ന അപേക്ഷകരിൽ നിന്നും റീ വേരിഫിക്കേഷനുള്ള ഫീസ് ഈടാക്കിക്കൊണ്ട് എസ്.എഫ്.ടി.പി. മാർഗ്ഗേണ വെസിലേക്ക് പ്രസ്തുത ഡോക്യുമെൻറുകൾ നൽകാവുന്നതാണ്. ഇതിനായി 01/08/2021 വരെ കാത്തിരിക്കേണ്ടതില്ല.

5.ഒഫീഷ്യൽ ട്രാൻസ്ക്രിപ്റ്റ്/ അറ്റസ്റ്റഡ് ഡോക്യുമെൻറിനായി അപേക്ഷിക്കുന്നതിനുള്ള ഓൺലൈൻ അപേക്ഷയിൽ റീ വേരിഫിക്കേഷൻ ആവശ്യമായ ഏജൻസികളുടെ വിവരങ്ങൾ ലിസ്റ്റ് ചെയ്യുകയും,യോജ്യമായ ഏജൻസി തെരഞ്ഞെടുക്കുന്നതിനനുസരിച്ച് റീ വേരിഫിക്കേഷനുള്ള ഫീസ് അപേക്ഷാ സമയത്ത് തന്നെ ഈടാക്കുന്നതിനുള്ള സംവിധാനം ഓൺലൈൻ അപേക്ഷയിൽ ഏർപ്പെടുത്തുകയും ചെയ്യുന്നതിനുള്ള ക്രമീകരണം പരീക്ഷാ വിഭാഗത്തിൽ ഏർപ്പെടുത്തേണ്ടതാണ്.

6.ഇതിനാവശ്യമായ സ്റ്റാൻഡാർഡ് ഓപ്പറേറ്റിങ് പ്രൊസീജർ തയ്യാറാക്കുന്നതിനു പരീക്ഷാ വിഭാഗത്തെ ചുമതലപ്പെടുത്താവുന്നതാണ്."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2.രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ /പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3.എ.ആർ/ഡി.ആർ./ജെ.ആർ(പരീക്ഷ / ഫിനാൻസ് / അക്കാദമിക് )
4.പി.ആർ.ഒ/ഐ.ക്യൂ.എ .സി/ പരീക്ഷാ വിഭാഗത്തിലെ വിവിധ സെക്ഷനുകൾ
5.കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ / യൂണിവേഴ്സിറ്റി വെബ്സൈറ്റ്
6.എസി എ1/എസി എ3/എസി എ4/എസി എ5/എസി എ 7
7.എസി എ9/ എസിഎ12/ എസി ബി 7
8.റെക്കോർഡ് സെക്ഷൻ / കരുതൽ ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 93874/AC A1-2/2021/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 13-Jul-2021 02:23 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം